ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം) :

(എ) പബ്ലിക് ഹെൽത്ത് ഡയറക്ടർ, ഡിസ്ട്രിക്ട് ഹെൽത്ത് ആഫീസർ, അസിസ്റ്റൻറ് കൺവീനർ, താലൂക്ക് ഹെൽത്ത് ഇൻസ്പെക്ടർ ഇവരാണ് പാൽപ്പൊടി വിതരണത്തിൻറെ പരിശോധനകൾ നടത്തുന്നത്.

(ബി) ഉണ്ട്.

(സി) പാൽവിതരണം പലയിടത്തും തുടങ്ങിയിട്ട് ഇപ്പോൾ ഏകദേശം പത്തു വർഷത്തിൽ കൂടുതലായി. എത്രകാലംമുതലുള്ള പരാതികളെയാണ് ഉദ്ദേശിക്കുന്നതെന്ന് ചോദ്യത്തിൽ വ്യക്തമാക്കിയിട്ടില്ല. ആരംഭംമുതലുള്ള പരാതികളെപ്പറ്റിയാണെങ്കിൽ കൂടുതൽ വിവരങ്ങൾ ശേഖരിക്കേണ്ടിയിരിക്കുന്നു. അതിനാൽ ഇപ്പോൾ മറുപടി പറയാൻ സാധ്യമല്ല.

(ഡി) ഇപ്പോഴത്തെ സ്റ്റാൻഡേർഡ് എല്ലാ പ്രൈമറിസ്കൂളുകളിലും പാൽപ്പൊടി വിതരണം ചെയ്യുവാൻ സാധ്യമല്ല. കൂടുതൽ പാൽപ്പൊടി ലഭിക്കുന്നപക്ഷം അതിനു വേണ്ട ഏർപ്പാടുകൾ ചെയ്യുന്നതാണ്.

പഞ്ചായത്തതിർത്തിക്കകത്തുള്ള പുറമ്പോക്കു ഭൂമി.

* 201. [28] ശ്രീ. പി. കെ. അബ്ദുൽഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തതിർത്തികളിലുള്ള പുറമ്പോക്കു ഭൂമിയുടെ മേൽ പഞ്ചായത്തുകൾക്കധികാരം കൊടുക്കുവാൻ ഗവണ്മെൻറ് നടപടികൾ എടുക്കുന്നുണ്ടോ;

(ബി) ഇതു സംബന്ധിച്ച് അവസാനതീരുമാനം എത്ര നാൾക്കകം എടുക്കും?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ) പഞ്ചായത്തതിർത്തികളിലുള്ള പുറമ്പോക്കു സ്ഥലങ്ങൾ എല്ലാം പഞ്ചായത്തുകൾക്കു വിട്ടുകൊടുക്കണമെന്ന് ഗവണ്മെൻറ് ഇപ്പോൾ ഉദ്ദേശിക്കുന്നില്ല. എന്നാൽ പഞ്ചായത്തിൻറെ ആവശ്യത്തിനുള്ളതു വിട്ടുകൊടുക്കുന്ന കാര്യം ഗവണ്മെൻറിൻറെ ആലോചനയിലിരിക്കുന്നു.

(ബി) തീരുമാനം കഴിയുന്നതുംവേഗം ഉണ്ടാകും.

മോട്ടാർ ബോട്ടുകളിലെ ഓവർലോഡ്.

* 202. [29] ശ്രീ. പി. കെ. അബ്ദുൽഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടാർ ബോട്ടുകളിൽ ഓവർലോഡു കയറ്റുന്നതു തടഞ്ഞുകൊണ്ട് ഗവണ്മെൻറിൽനിന്നും കർശനമായ നടപടികൾ നടത്തുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly